"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- അസിസ്റ്റന്റ് ഡയറക്ടർ തസ്തിക -സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി -ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ ഡെപ്യൂട്ടി മുനിസിപ്പൽ സെക്രട്ടറി ശ്രീ. റഫീഖ് ബി. ഫയൽ ചെയ്ത OA 654/2025 മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 10.04.2025 ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2024/2025/LSGD തീയതി,തിരുവനന്തപുരം, 15-08-2025

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29/07/2023 ലെ LSGD/PD/48874/2023/VIGA1 നം. നടപടി ക്രമം.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23/03/2024 ലെ LSGD/PD/48874/2023/VIGA1 നം. നടപടി ക്രമം.
3. 13.02.2025 ൽ കൂടിയ വകുപ്പുതല പ്രമോഷൻ കമ്മിറ്റി (ഹയർ) യോഗ തീരുമാനം
4. കേരള ഗസറ്റ് (അസാധാരണം) നം. 926 തീയതി 11.3.2025 പ്രകാരം വിജ്ഞാപനം ചെയ്ത 08/03/2025 ലെ G O (P) No. 13/2025/LSGD നമ്പർ ഉത്തരവ്.
5. ശ്രീ. റഫീഖ് ബി. യുടെ 22.03.2025 ലെ അപേക്ഷ
6. OA 654/2025 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.04.2025 ലെ ഉത്തരവ്.
7. 08.08.2025 ന് ചേർന്ന റിവ്യൂ ഡി പി സി (ഹയർ) യോഗ നടപടിക്കുറിപ്പ തീരുമാനം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള പരാമർശം (4) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ക്രമ നം. 3 ആയ ശ്രീ ഷാഹുൽ ഹമീദിന് താഴെയായി താൻ ഉൾപ്പെടേണ്ട ആളായിരുന്നുവെന്നും ടി ലിസ്റ്റിൽ തന്റെ ജൂനിയറായിട്ടുള്ള പലരേയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും തന്നെ ഒഴിവാക്കിയതിന് കാരണം നോട്ടിഫിക്കേഷനിൽ രേഖപ്പെടുത്തുകയോ അറിയിക്കുകയോ ചെയ്തിട്ടില്ലെന്നും തനിക്കെതിരെ നിലവിലുണ്ടായിരുന്ന പരാമർശം (1) അച്ചടക്ക നടപടി രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് പരാമർശം (2) പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണെന്നും, തുടർന്ന് സ്ഥാനക്കയറ്റത്തിന്റെ ഭാഗമായി കോൺഫിഡൻഷ്യൽ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് സമർപ്പിച്ചതിന് ശേഷം സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കുകയുമാണ് ഉണ്ടായിരിക്കുന്നതെന്നും ആയത് സർക്കാർ ജീവനക്കാരുടെ അച്ചടക്ക നടപടികളെ സംബന്ധിച്ച മാന്വൽ ഖണ്ഡിക 47, 48(2) പ്രകാരം ചട്ട ലംഘനമാണെന്നും ആയതിനാൽ തന്റെ സേവന കാലയളവിൽ മേൽ അച്ചടക്കനടപടിയല്ലാതെ മറ്റ് അച്ചടക്ക നടപടികൾക്ക് വിധേയമായിട്ടില്ല എന്ന വസ്തുത പരിഗണിച്ച്

13.02.2025 ന് കൂടിയ വകുപ്പുതല പ്രമോഷൻ കമ്മിറ്റി അംഗീകരിച്ച് പുറപ്പെടുവിച്ച പരാമർശം (4) സെലക്ട് ലിസ്റ്റിൽ തന്നെ കൂടി ഉൾപ്പെടുത്തുന്ന വിഷയം പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ ഡെപ്യൂട്ടി മുനിസിപ്പൽ സെക്രട്ടറി ശ്രീ റഫീഖ് ബി. പരാമർശം (5) അപ്പീൽ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത അപ്പീൽ പരിഗണിച്ചില്ല എന്ന് കാണിച്ച് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 654/2025 നമ്പരായി കേസ് ഫയൽ ചെയ്യുകയും ആയതിന്മേലുള്ള പരാമർശം (6) ഉത്തരവ് പ്രകാരം മൂന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് വകുപ്പുതല പ്രമോഷൻ കമ്മിറ്റി കൺവീനർ/അഡീഷണൽ സെക്രട്ടറി അപേക്ഷകൻ സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ള Annexure A6 representation റിവ്യൂ ഡിപിസി യോഗം ചേർന്ന് പരിഗണിച്ച് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

3) ശ്രീ. റഫീഖ് ബി. യുടെ Annexure A6 അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിനായി കൂടിയ 08.08.2025-ന് ചേർന്ന adhoc വകുപ്പുതല പ്രൊമോഷൻ (DPC - ഹയർ) കമ്മിറ്റി പരാമർശം (3) യോഗ തീരുമാനം പുനപരിശോധിക്കുകയുണ്ടായി. ശ്രീ. റഫീഖ്-നെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ പരാമർശം (2) ഉത്തരവ് പരിശോധിക്കുകയും, വെമ്പായം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ ഗ്രാമ പഞ്ചായത്തിലെ പെർമിറ്റ്/നമ്പറിംഗ് വിവിധ ഫയലുകളിലും, ലൈസൻസ് അപേക്ഷകളിന്മേലും യഥാസമയം സേവനം ലഭ്യമാക്കുന്നതിലും വീഴ്ചയുണ്ടായതായും, സാങ്കേതിക വിഭാഗത്തിന്റെ ശുപാർശ ആവശ്യമെന്നിരിക്കെ ആയത് ഇല്ലാതെ തന്നെ കെട്ടിട പെർമ്മിറ്റ്/നമ്പർ അനുവദിച്ചതിലും ടിയാന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ ഗുരുതരമായ ഇത്തരം വീഴ്ചകൾ പരിഗണിച്ചാണ് ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലത്തോടെയല്ലാതെ 2 വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം തീർപ്പാക്കിയിട്ടുള്ളതെന്നും യോഗം വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റങ്ങളുടെ ഗൗരവം കണക്കിലെടുത്തും ശിക്ഷാ കാലാവധി തുടരുന്നതിനാലും, പിഴ കാലാവധി പൂർത്തിയായതിനുശേഷം ഉണ്ടാകുന്ന ഒഴിവിൽ മാത്രമേ ടിയാന് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളൂ എന്ന് കമ്മിറ്റി നിരീക്ഷിക്കുകയും അതുവരെ ശ്രീ. റഫീഖ് ബി. യെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നുള്ള മുൻതീരുമാനം തുടരാനും പരാമർശം (7) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്.

4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. യഥാസമയം സേവനം നൽകാത്തത് ടിയാന്റെ സ്ഥാനക്കയറ്റത്തിനുള്ള യോഗ്യതപരിശോധനക്കുള്ള ഘടകമാണ് എന്നതിനാലും ,സാങ്കേതിക പരിശോധനയില്ലാതെ പെർമിട് നൽകിയ നടപടി ചട്ടപ്രകാരമുള്ളതല്ല എന്നത് ഗൗരവമുള്ള കൃത്യവിലോപമാണ് എന്നും കണ്ടെത്തുകയുണ്ടായി . മേൽസാഹചര്യത്തിൽ മുൻ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ പരാമർശം - 3 തീരുമാനം ശരിവച്ച്, ശ്രീ. റഫീഖ് ബി യെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റിൽ, ടിയാന്റെ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട ശിക്ഷാ കാലാവധി കഴിയുന്നതുവരെ ഉൾപ്പെടുത്തേണ്ടതില്ലെന്ന പരാമർശം (7) ലെ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ഹയർ)-യുടെ തീരുമാനം പരിഗണിച്ച് ശ്രീ. റഫീഖ് ബി. യുടെ പരാമർശം (5) അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

5) OA 654/2025 ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (6) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം *(ആമുഖ കത്ത് സഹിതം)*
ശ്രീ. റഫീഖ്.ബി., ഡെപ്യൂട്ടി മുനിസിപ്പൽ സെക്രട്ടറി, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, കോട്ടയം *(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ADV-B2/104/2025-PandARD നമ്പർ ഫയൽ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 16-08-2025 10:46:28
സെക്ഷൻ ഓഫീസർ